# 097/2018 - M

| | | | |
|---|---|---|---|
| ചോദ്യ പുസ്തക അക്ഷര കോഡ് | **A** | ചോദ്യ പുസ്തക ക്രമ നമ്പർ | |

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 75 മിനിട്ട്**

**പരമാവധി മാർക്ക് : 100**

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡു കളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമനമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല, അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടു പിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും (A), (B), (C), (D) എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തിരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

# 097/2018 - M

1. ശുചീന്ദ്രം കൈമുക്ക് എന്ന അനാചാരം നിർത്തലാക്കിയ തിരുവിതാംകൂർ മഹാരാജാവ് :
   (A) മാർത്താണ്ഡ വർമ്മ (B) സ്വാതിതിരുനാൾ
   (C) ധർമ്മരാജ (D) രാജാകേശവദാസൻ

2. ഭാരതീയ ചിന്തയെ നവീകരിച്ച കേരളീയൻ :
   (A) സ്വാമിവിവേകാനന്ദൻ (B) ശ്രീനാരായണഗുരു
   (C) പട്ടംതാണുപിള്ള (D) ശങ്കരാചാര്യർ

3. 'സമത്വസമാജം' എന്ന സംഘടന രൂപീകരിച്ച സാമൂഹ്യപരിഷ്കർത്താവ് :
   (A) ചട്ടമ്പിസ്വാമികൾ (B) വൈകുണ്ഡസ്വാമികൾ
   (C) വാഗ്ഭടാനന്ദൻ (D) കുമാരഗുരുദേവൻ

4. 'കുഞ്ഞൻ പിള്ള' എന്ന യഥാർത്ഥ നാമധേയമുള്ള നവോത്ഥാന നായകൻ :
   (A) ശ്രീനാരായണ ഗുരു (B) ചട്ടമ്പിസ്വാമികൾ
   (C) വൈകുണ്ഡസ്വാമികൾ (D) അയ്യങ്കാളി

5. 'ദൈവ ദശകം' എന്ന കൃതിയുടെ കർത്താവ് :
   (A) ചട്ടമ്പിസ്വാമികൾ (B) വൈകുണ്ഡസ്വാമികൾ
   (C) ശ്രീനാരായണഗുരു (D) മന്നത്ത് പത്മനാഭൻ

6. ശ്രീനാരായണ ഗുരുദേവന്റെ സമാധിസ്ഥലം :
   (A) ശിവഗിരി (B) ചെമ്പഴന്തി (C) അരുവിപ്പുറം (D) വയൽവാരം

7. തിരുവിതാംകൂറിൽ നടന്ന പുലയലഹളകൾക്ക് നേതൃത്വം നൽകിയ സാമൂഹ്യ പരിഷ്കർത്താവ് :
   (A) എ.കെ. ഗോപാലൻ (B) അയ്യങ്കാളി
   (C) കുമാരഗുരുദേവൻ (D) സഹോദരൻ അയ്യപ്പൻ

8. പണ്ഡിറ്റ് കെ.പി. കറുപ്പൻ രൂപീകരിച്ച സംഘത്തിന്റെ പേര് :
   (A) അരയസമാജം (B) ശ്രീനാരായണസമാജം
   (C) ആര്യസമാജം (D) ബ്രഹ്മസമാജം

9. 'മലബാറിലെ നാരായണഗുരു' എന്ന് വിശേഷിപ്പിക്കപ്പെടുന്ന ആത്മീയ വിപ്ലവകാരി :

(A) ശ്രീനാരായണഗുരു (B) മന്നത്ത്പത്മനാഭൻ

(C) വാഗ്ഭടാനന്ദൻ (D) അയ്യങ്കാളി

10. 'പൊയ്കയിൽ യോഹന്നാൻ ഉപദേശി' അറിയപ്പെടുന്നത് ഏതുപേരിൽ ?

(A) കുമാരഗുരുദേവൻ (B) എ.കെ. ഗോപാലൻ

(C) വിശുദ്ധചവറയച്ചൻ (D) അയ്യങ്കാളി

11. 'ഉണ്ണിയേശു' എന്നർഥം വരുന്ന ആഗോള പ്രാധാന്യമുള്ള കാലാവസ്ഥാ പ്രതിഭാസം :

(A) ഹർമാറ്റൻ (B) ലൂ (C) എൽനിനോ (D) ഹരിക്കെയിൻ

12. കേരളത്തിൽ പുലയരെയും ഈഴവരെയും ഒന്നിച്ചിരുത്തി 'മിശ്രഭോജനം' സംഘടിപ്പിച്ചതാര് ?

(A) അയ്യങ്കാളി (B) സഹോദരൻ അയ്യപ്പൻ

(C) ചട്ടമ്പിസ്വാമികൾ (D) മന്നത്ത്പത്മനാഭൻ

13. 'കേരളത്തിലെ വിവേകാനന്ദൻ' എന്നറിയപ്പെടുന്ന ആത്മീയ വിപ്ലവകാരി :

(A) വൈകുണ്ഡ സ്വാമികൾ (B) ആഗമാനന്ദസ്വാമികൾ

(C) ശ്രീനാരായണഗുരു (D) ചട്ടമ്പിസ്വാമികൾ

14. വൈക്കം സത്യാഗ്രഹത്തിന്റെ പ്രധാന നേതാവ് :

(A) ടി.കെ. മാധവൻ (B) കെ. കേളപ്പൻ

(C) കെ.വി. വള്ളോൻ (D) വി.ടി. ഭട്ടതിരിപാട്

15. നായർ ഭൃത്യസംഘം രൂപീകരിച്ചതാര് ?

(A) പട്ടംതാണുപിള്ള (B) ടി.കെ. മാധവൻ

(C) മന്നത്ത്പത്മനാഭൻ (D) കെ. കേളപ്പൻ

16. 'ഈഴവരുടെ രാഷ്ട്രീയനേതാവ്' എന്നറിയപ്പെടുന്നതാര് ?

(A) ടി.കെ. മാധവൻ (B) ഡോ.പി. പൽപ്പു

(C) സ്വാമി വിവേകാനന്ദൻ (D) ശ്രീനാരായണഗുരു

17. കേരളത്തിലെ ആദ്യത്തെ അച്ചടിശാല സ്ഥാപിച്ച സ്ഥലം :

(A) തിരുവിതാംകൂർ (B) കൊച്ചി

(C) മലബാർ (D) ആലപ്പുഴ

18. കേരളത്തിൽ അടിമ സമ്പ്രദായം നിലനിന്നിരുന്ന സ്ഥലം :

(A) മലബാർ (B) കൊച്ചി (C) തിരുവിതാംകൂർ (D) തൃശൂർ

19. തെക്കൻ തിരുവിതാംകൂറിൽ നിലനിന്നിരുന്ന ദേവദാസി സമ്പ്രദായം നിർത്തലാക്കിയത് ആര് ?

(A) മാർത്താണ്ഡ വർമ്മ (B) ധർമ്മരാജ

(C) സ്വാതിതിരുനാൾ (D) റാണി ഗൗരിലക്ഷ്മിഭായ്

20. പ്രസിദ്ധമായ കുണ്ടറ വിളംബരം നടത്തിയതാര് ?

(A) പഴശ്ശിരാജ (B) വേലുത്തമ്പിദളവ

(C) പാലിയത്തച്ഛൻ (D) മാർത്താണ്ഡ വർമ്മ

21. കേരളത്തിൽ ജന്മി സമ്പ്രദായം അവസാനിച്ച വർഷം :

(A) 1969 (B) 1970 (C) 1971 (D) 1972

22. തിരുവിതാംകൂറിലെ ദിവാനായിരുന്ന സർ.സി.പി. രാമസ്വാമി അയ്യരുടെ ദുർഭരണത്തിനെതിരായി നടന്ന പ്രക്ഷോഭം ഏത് ?

(A) ആറ്റിങ്ങൽ കലാപം (B) കുറിച്യകലാപം

(C) പുന്നപ്ര-വയലാർ സമരം (D) ചാന്നാർ ലഹള

23. ഇന്ത്യയുടെ അന്റാർട്ടിക്കയിലെ പര്യവേഷണകേന്ദ്രം :

(A) ദക്ഷിണഗംഗോത്രി (B) മൈത്രി

(C) ഷിർമാക്കർ (D) നൈ-അലൈ

24. ഇന്ത്യയുടെ ബഹിരാകാശ തുറമുഖം :

(A) ബാംഗ്ളൂർ (B) ആന്ധ്രപ്രദേശ് (C) തുമ്പ (D) ഹൈദരാബാദ്

25. ഓസോൺ പാളി കാണപ്പെടുന്ന അന്തരീക്ഷമണ്ഡലം :

(A) ട്രോപ്പോസ്ഫിയർ (B) സ്ട്രാറ്റോസ്ഫിയർ

(C) മിസോസ്ഫിയർ (D) തെർമോസ്ഫിയർ

26. ഫോസിലുകളുടേയും ജൈവവസ്തുക്കളുടേയും കാലപ്പഴക്കം നിർണ്ണയിക്കുന്ന രീതി ഏത് ?

(A) ഗീഗർ കൗണ്ടർ (B) റേഡിയേഷൻ

(C) കാർബൺ-14 (D) റുബീഡിയംഡേറ്റിംഗ്

27. ക്രോമസോമിന്റെ അടിസ്ഥാന ഘടകം :

(A) RNA (B) DNA

(C) ഹ്യൂമൻ ജീനോം പ്രോജക്റ്റ് (D) ക്ലോണിംഗ്

28. സൗരയൂഥത്തിൽ കണ്ടെത്തിയ കുഞ്ഞൻ ഗ്രഹത്തിന് ഏത് ലോകചെസ് ചാമ്പ്യന്റെ പേരാണ് നൽകിയിരിക്കുന്നത് ?

(A) റോജർ ഫെഡറർ (B) ഗ്യാരി കാർപോവ്

(C) ഗ്യാരി കാസ്പറോവ് (D) വിശ്വനാഥ് ആനന്ദ്

29. വിവര സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള കുറ്റ കൃത്യങ്ങൾക്ക് പറയുന്ന പേര് :

(A) ജുവനൈൽ ക്രൈം (B) സൈബർ ക്രൈം

(C) ടെലിക്രൈം (D) സൈബർ സെൽ

30. ഡിജിറ്റൽ കറൻസിക്കു പറയുന്നപേര് :

(A) വൈറ്റ് മണി (B) ബിറ്റ്കോയിൻ (C) നാസ്ഡാക് (D) വെനൽബോസ്

31. ലോകബാങ്കിന്റെ ആസ്ഥാനം :

(A) ന്യൂയോർക്ക് (B) വാഷിംഗ്ടൺ DC

(C) ബ്രിട്ടൻ (D) ചൈന

32. കൃഷിയ്ക്കും ഗ്രാമവികസനത്തിനുമായി പ്രവർത്തിക്കുന്ന ഭാരതത്തിലെ ദേശീയ ബാങ്ക് :

(A) മുദ്രബാങ്ക് (B) മഹിളബാങ്ക് (C) നബാർഡ് (D) എക്സിംബാങ്ക്

33. ലോക ജലദിനം :

(A) മാർച്ച് 21 (B) മാർച്ച് 22 (C) മാർച്ച് 23 (D) ഫെബ്രുവരി 2

34. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കണ്ടൽവനങ്ങളുള്ള സംസ്ഥാനം :

(A) കേരളം (B) പശ്ചിമബംഗാൾ

(C) ആസാം (D) നാഗാലാന്റ്

35. പാർലമെന്റ് വിളിച്ചു ചേർക്കുന്നതാര് ?

(A) പ്രധാനമന്ത്രി (B) രാഷ്ട്രപതി (C) സ്പീക്കർ (D) ഉപരാഷ്ട്രപതി

36. രാജ്യസഭാംഗമാകാനുള്ള കുറഞ്ഞ പ്രായം :

(A) 30 (B) 25 (C) 35 (D) 21

37. 'രാസസൂര്യൻ' എന്നറിയപ്പെടുന്നത് താഴെ പറയുന്നവയിലേതാണ് ?

(A) സിങ്ക് (B) മഗ്നീഷ്യം (C) ഇരുമ്പ് (D) മെർക്കുറി

38. ഇന്ത്യയിലെ ആസൂത്രിതനഗരം എന്നറിയപ്പെടുന്നത് :

(A) ചണ്ഡീഗഡ് (B) പഞ്ചാബ് (C) ഹരിയാന (D) ഡൽഹി

39. അഞ്ചു വർഷം കൊണ്ട് ഇന്ത്യയെ മാലിന്യ മുക്തമാക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയേത് ?

(A) ജീവൻ ജ്യോതി (B) സ്വച്ഛ് ഭാരത് മിഷൻ

(C) ജൻ ധൻ യോജന (D) ഭീമ യോജന

40. ഇന്ത്യയുടെ പുതിയ ദേശീയ വിദ്യാഭ്യാസ നയം നിലവിൽ വന്ന വർഷം :

(A) 1985 (B) 1986 (C) 1987 (D) 1984

41. കോമൺ വെൽത്തിന്റെ ആസ്ഥാനം :

(A) ലണ്ടൻ (B) ജപ്പാൻ (C) ഇന്ത്യ (D) ശ്രീലങ്ക

42. ഏറ്റവും ദൈർഘ്യമേറിയ ദേശീയ ഗാനമുള്ള രാജ്യമേത് ?

(A) റോം (B) ഗ്രീസ് (C) വിയറ്റ്നാം (D) സയർ

43. ഭൂമധ്യ രേഖ കടന്നു പോകുന്ന ഏക ഏഷ്യൻ രാജ്യം :

(A) ഇന്തോനേഷ്യ (B) ശ്രീലങ്ക (C) ചൈന (D) ജപ്പാൻ

44. കേരളത്തിൽ ATM സംവിധാനം ആദ്യമായി നിലവിൽ വന്നതെവിടെ ?

(A) തൃശൂർ (B) എറണാകുളം (C) കോട്ടയം (D) തിരുവനന്തപുരം

45. ലോകബാങ്കിന്റെ സഹായത്തോടെയുള്ള ജല വിതരണ പദ്ധതിയുടെ പേര് ?

(A) ജലതരംഗം (B) ജലനിധി (C) ജലഗ്രാമം (D) ജലധി

46. മാലിദ്വീപ് ഏതു മഹാസമുദ്രത്തിലാണ് സ്ഥിതി ചെയ്യുന്നത് ?

(A) ഇന്ത്യൻ മഹാസമുദ്രം (B) പസഫിക് മഹാസമുദ്രം

(C) അറ്റ്ലാന്റിക് സമുദ്രം (D) അറബിക്കടൽ

47. ഇന്ത്യയിലെ അജന്തഗുഹ ഏത് മതവുമായി ബന്ധപ്പെട്ടതാണ് ?

(A) ബുദ്ധമതം (B) ജൈനമതം (C) ഹിന്ദുമതം (D) പാഴ്സിമതം

48. ആത്മ കഥയെഴുതിയ പ്രശസ്തനായ മുഗൾ ചക്രവർത്തി :

(A) അക്ബർ (B) ബാബർ (C) ഷാജഹാൻ (D) ഔറംഗസീബ്

49. ആസൂത്രണ കമ്മിഷനു പകരമായി 2015-ജനുവരി-1 -ന് നിലവിൽ വന്ന സ്ഥാപനമേത് ?

(A) നീതി സുരക്ഷ (B) നീതി ആയോഗ് (C) നീതി ഇന്ത്യ (D) സാഗർമാല

50. ഹിന്ദുസ്ഥാൻ ടൈംസ് എന്ന പത്രം പ്രസിദ്ധീകരിക്കുന്നതെവിടെനിന്ന് ?

(A) ഡൽഹി (B) മുംബൈ (C) ചെന്നൈ (D) കൊൽക്കത്ത

51. വായുവിൽ ഏറ്റവും കൂടുതൽ അടങ്ങിയിരിക്കുന്ന വാതകം ?

(A) ഓക്സിജൻ (B) നൈട്രജൻ

(C) ഹീലിയം (D) കാർബൺ ഡൈ ഓക്സൈഡ്

52. കേരളത്തിലെ ആദ്യത്തെ കോളേജ് സ്ഥാപിച്ചതെവിടെ ?

(A) കോട്ടയം (B) കൊല്ലം

(C) തിരുവനന്തപുരം (D) തൃശൂർ

53. രോഗങ്ങളെക്കുറിച്ചുള്ള പഠനത്തിനു പറയുന്നപേര് ?

(A) ഓഫ്താൽമോളജി (B) ഓങ്കോളജി

(C) ഡഫ്തോളജി (D) പതോളജി

54. മാവിന്റെ ജന്മദേശം :

(A) ഇന്ത്യ (B) ചൈന (C) മലേഷ്യ (D) ജപ്പാൻ

55. വൈറ്റമിൻ -C -യുടെ കുറവുമൂലമുണ്ടാകുന്ന രോഗം :

(A) നിശാന്ധത്വം (B) സ്കർവി (C) ഗോയിറ്റർ (D) കണ

56. ''കോപ്പർ സൾഫേറ്റ്'' എന്ന രാസനാമം സൂചിപ്പിക്കുന്ന വസ്തു :

(A) മാർബിൾ (B) തുരിശ് (C) കറിയുപ്പ് (D) ആലം

57. 'ശരീരത്തിലെ പമ്പ്' ഏത് അവയവമാണ് ?

(A) ഹൃദയം (B) കരൾ (C) ശ്വാസകോശം (D) ആഗ്നേയഗ്രന്ഥി

58. കേരളത്തിൽ നിന്ന് ആദ്യ ലോക്സഭാംഗമായി തെരഞ്ഞെടുക്കപ്പെട്ട വനിത ?

(A) സരോജിനി നായിഡു (B) ഫാത്തിമബീവി

(C) ആനിമസ്ക്രീൻ (D) അന്നചാണ്ടി

59. കേരളത്തിലെ ദേശീയ പാർക്കായ ഇരവികുളം വന്യജീവി സങ്കേതം സ്ഥിതി ചെയ്യുന്ന ജില്ല :

(A) കോട്ടയം (B) ഇടുക്കി (C) വയനാട് (D) കൊല്ലം

60. മനുഷ്യാവകാശ ദിനമായി ആചരിക്കുന്നതെന്ന് ?

(A) നവംബർ-14 (B) ഡിസംബർ-2 (C) ഡിസംബർ-10 (D) മാർച്ച്-12

61. Choose the **correct** one from the options.
I prefer pen __________ pencil.
(A) for (B) to (C) on (D) in

62. Change into indirect speech.
He said, "I wish to learn English."
(A) He said that I wished to learn English.
(B) He said that he wished to learn English.
(C) He said that he wishes to learn English.
(D) He said that he is wishing to learn English.

63. Choose the word which can be substituted :
<u>Killing one's own father</u>.
(A) prolicide (B) patricide (C) matricide (D) fratricide

64. Supply the missing word.
The earth __________ round the Sun.
(A) moves (B) moved (C) move (D) moving

65. Use the **correct** preposition.
You are forbidden __________ walk over the lawn.
(A) from (B) into (C) to (D) on

66. Choose the appropriate article.
Yesterday __________ European called at my office.
(A) No article (B) an (C) the (D) a

67. Add a question tag to the following :
You are going home now, __________ ?
(A) are you (B) were you (C) aren't you (D) weren't you

68. Pick out the suitable collective noun.
A __________ of musicians.
(A) crowd (B) shoal (C) crew (D) band

69. Choose the **correct** one from the options.
Lots of Sugar __________ put into the tea.
(A) are (B) were (C) have (D) was

70. Change the voice.
The book was brought by him.
(A) He brings the book. (B) He has brought the book.
(C) He brought the book. (D) None of these

**71.** Choose the **correct** meaning of the word ASSENT.

(A) an act of climbing (B) decreasing order
(C) agreement (D) style of walking

**72.** Pick out the **correct** spelling.

(A) Pharmasutical (B) Pharmaceautical
(C) Pharmacutical (D) Pharmaceutical

**73.** Fill in the blank with **correct** form of the verb.

If I __________ (to be) in your position, I would refuse to pay him.

(A) was (B) were (C) have (D) am

**74.** Use the suitable one.

I have not been to Bombay __________ three years.

(A) for (B) from (C) since (D) by

**75.** Fill in the blank with appropriate word.

Politics __________ a dirty game.

(A) is (B) are (C) has (D) have

**76.** Choose the appropriate one.

He __________ when he addressed the chief guest by the wrong name.

(A) put his foot down (B) put his hand to it
(C) put his foot in it (D) put his shoulder to the wheel

**77.** Choose the exact opposite of the underlined.

<u>EMIGRATE</u>

(A) Immigrate (B) Immigrant (C) Migrate (D) Disemigrate

**78.** Pick out the one, that is **not** the synonym of the word FABULOUS.

(A) prodigality (B) amazing (C) marvellous (D) astounding

**79.** Change the following into comparative degree :

No other metal is as costly as gold.

(A) Gold is more costly than any other metal.
(B) Gold is costlier than any other metal.
(C) Gold is the costliest of all metals.
(D) None of these

**80.** Correct the sentence.

No sooner had he entered the inn, but he started shooting.

(A) had he entered the inn, when (B) did he enter the inn, than
(C) he had entered the inn than (D) had he entered the inn than

81. 1

4 9

16 25 36

– – – –

ഈ സംഖ്യാ പിരമിഡിലെ അഞ്ചാമത്തെവരിയിലെ മൂന്നാമത്തെ സംഖ്യ ഏത് ?

(A) 144 (B) 289 (C) 169 (D) 196

82. ഒരാൾ 10 മീറ്റർ നേരെ കിഴക്കോട്ട് നടന്നശേഷം 6 മീറ്റർ തെക്കോട്ട് നടന്നു. അതിനുശേഷം 18 മീറ്റർ പടിഞ്ഞാറോട്ട് നടന്നു. ആരംഭിച്ച സ്ഥലത്തു നിന്ന് ഇപ്പോൾ നിൽക്കുന്ന സ്ഥലത്തേക്കുള്ള ഏറ്റവും കുറഞ്ഞദൂരം എത്ര ?

(A) 16 (B) 18 (C) 28 (D) 10

83. സാധാരണ പലിശ കണക്കാക്കുന്ന ഒരു ബാങ്കിൽ അഞ്ച് വർഷം കൊണ്ട് നിക്ഷേപിച്ചതുക ഇരട്ടിക്കുന്നു എങ്കിൽ പലിശ നിരക്ക് എത്ര ?

(A) 15% (B) 20% (C) 25% (D) 18%

84. p -യുടെ 60 ശതമാനമാണ് q. q വിന്റെ 70 ശതമാനമാണ് r എങ്കിൽ p -യുടെ എത്ര ശതമാനമാണ് r ?

(A) 42 (B) 36 (C) 49 (D) 65

85. 6, 11, 16, 21... എന്ന ശ്രേണിയുടെ തുടർച്ചയായ 20 പദങ്ങളുടെ തുക 1070 എങ്കിൽ 9, 14, 19, 24 ... എന്ന ശ്രേണിയുടെ തുടർച്ചയായ 20 പദങ്ങളുടെ തുക എത്ര ?

(A) 1230 (B) 1670 (C) 1760 (D) 1130

86. $\frac{1}{2} + \frac{1}{4} + \frac{1}{8} + \frac{1}{16} =$ എത്ര ?

(A) $\frac{15}{16}$ (B) $\frac{17}{16}$ (C) 1 (D) $\frac{4}{30}$

87. ഒരു ജോലി ചെയ്ത് തീർക്കാൻ A -യ്ക്ക് 4 ദിവസം, B -യ്ക്ക് 5 ദിവസം, C -യ്ക്ക് 20 ദിവസം എന്നിങ്ങനെ വേണം. അതേ ജോലി അവർ മൂന്ന് പേരും ഒരുമിച്ച് ചെയ്താൽ എത്ര ദിവസം കൊണ്ട് തീരും ?

(A) 9 (B) 2 (C) 1 (D) 11

88. ഒറ്റയാൻ ഏത് ?

9, 25, 27, 36

(A) 9 (B) 25 (C) 27 (D) 36

89. $x = \frac{y+2}{3}$ ഉം $3x-2=2x+4$ ഉം ആയാൽ $y$ -യുടെ വില കാണുക.

(A) 14 (B) 15 (C) 4 (D) 16

90. ഒരു സാമാന്തരികത്തിന്റെ ബൃഹത്കോൺ ന്യൂനകോണിന്റെ ഇരട്ടിയാണ്. എങ്കിൽ സാമാന്തരികത്തിന്റെ കോണളവുകൾ ഏവ ?

(A) 55°, 55°, 110°, 110° (B) 70°, 140°, 50°, 100°

(C) 60°, 60°, 120°, 120° (D) 65°, 130°, 60°, 120°

91. ഒരു സംഖ്യയുടെ അഞ്ച് മടങ്ങിൽ നിന്ന് മൂന്ന് മടങ്ങ് കുറച്ചതിന്റെ പകുതി 10 ആയാൽ സംഖ്യ എത്ര ?

(A) 5 (B) 10 (C) 20 (D) 12

92. അമ്മയ്ക്ക് മകനേക്കാൾ ഇരുപത് വയസ്സ് കൂടുതലാണ്. അഞ്ച് വർഷം കഴിയുമ്പോൾ അമ്മയുടെ വയസ്സ് മകന്റെ വയസ്സിന്റെ മൂന്ന് മടങ്ങാകും. എങ്കിൽ അമ്മയുടെ ഇപ്പോഴത്തെ വയസ്സെത്ര ?

(A) 20 (B) 30 (C) 35 (D) 25

93. ക്ലോക്കിന്റെ പ്രതിബിംബം നോക്കി ഒരു കുട്ടി സമയം 8 : 30 ആണെന്ന് പറഞ്ഞു. എങ്കിൽ ക്ലോക്കിലെ യഥാർത്ഥസമയം എത്ര ?

(A) 3 : 30 (B) 3 (C) 3 : 20 (D) 4 : 30

94. 1, 4, 10, 22, ... ഈ ശ്രേണിയിലെ അടുത്ത സംഖ്യ ഏത് ?

(A) 34 (B) 46 (C) 44 (D) 36

95. ഒരു പാർട്ടിയിൽ 20 പേർ പങ്കെടുത്തു. പാർട്ടിയുടെ തുടക്കത്തിൽ ഓരോരുത്തരും പരസ്പരം ഹസ്തദാനം ചെയ്തു. ആകെ എത്ര ഹസ്തദാനങ്ങൾ ഉണ്ടായി ?

(A) 210 (B) 200 (C) 180 (D) 190

96. $(-1)^3 =$ എത്ര ?

(A) $-1$ (B) 1 (C) $-3$ (D) 3

97. ആദ്യത്തെ 21 എണ്ണൽ സംഖ്യകളുടെ ശരാശരി എത്ര ?

(A) 10 (B) 10.5 (C) 11 (D) 21

98. $B = \frac{4}{3}A$ ആയാൽ B -യുടെ എത്ര ശതമാനമാണ് A ?

(A) 33.3 (B) 66.6 (C) 75 (D) 132.3

99. ആരങ്ങൾ തമ്മിലുള്ള അംശബന്ധം 2 : 3 ആയ രണ്ട് ഗോളങ്ങളുടെ വ്യാപ്തങ്ങൾ തമ്മിലുള്ള അംശബന്ധം എത്ര ?

(A) 16 : 81 (B) 8 : 27 (C) 4 : 9 (D) 2 : 3

100. 300 മീറ്റർ നീളമുള്ള ഒരു തീവണ്ടി ഒരു ഇലക്ട്രിക്പോസ്റ്റ് കടന്നുപോവാൻ 6 സെക്കന്റ് സമയം എടുക്കുന്നു. എങ്കിൽ തീവണ്ടിയുടെ വേഗത കണക്കാക്കുക.

(A) 180 km/hr (B) 150 km/hr (C) $\frac{125}{9}$ km/hr (D) 50 km/hr

- o 0 o -

SPACE FOR ROUGH WORK

**SPACE FOR ROUGH WORK**